# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3769 — 25.06.2013 ലെ മറുപടിയ്ക്ക്

## സർക്കാർ ആശുപത്രികളിൽ കാരുണ്യാ ഡയാലിസിസ് സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ എന്നീ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ ബെനവലന്റ് ഫണ്ടിൽനിന്നുള്ള സഹായത്തോടെ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം സംസ്ഥാനത്തെ 27 ജില്ല/ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ മറ്റ് അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം നല്കുന്നതാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) നിലവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സയ്ക്ക് ധനസഹായം അനുവദിച്ചതിൽ ഭൂരിഭാഗം രോഗികൾക്കും സർക്കാർ ആശുപത്രികളിൽ നിന്നും ഡയാലിസിസ് ചികിത്സ തുടർച്ചയായി ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുവാൻ കാരുണ്യ ഡയാലിസിസ് സെന്ററുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | ആരോഗ്യ വകുപ്പ്, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവയുടെ സഹകരണ ത്തോടെയാണ് ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നത്. |
| (ഡി) | എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ എന്നീ 5 സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം സംസ്ഥാനത്തെ 27 ജില്ലാ/ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ 31.49 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.